# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3742 11.11.2019- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്കായി ക്ഷേമ പദ്ധതികൾ

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ്<br>,, ജോർജ് എം. തോമസ്<br>,, എം. മുകേഷ്<br>,, ഡി.കെ. മുരളി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തിയ ശേഷം സാമ്പത്തികമായും ശാരീരികമായും അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് നോർക്ക റൂട്ട്സ് മുഖേന "സാന്ത്വന" എന്ന പേരിൽ ധനസഹായ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | എ) | നടപ്പാക്കിയിട്ടുണ്ട്. |
| ബി) | സാന്ത്വന പദ്ധതി പ്രകാരം എന്തെല്ലാം ധനസഹായമാണ് പ്രവാസികൾക്കായി നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | സാന്ത്വന പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി പരമാവധി 1 ലക്ഷം രൂപയും, പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തി ഗുരുതരരോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും ചികിത്സാ ധനസഹായമായി പരമാവധി 50,000/- രൂപയും, തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് വിവാഹ ധനസഹായമായി പരമാവധി 15,000/- രൂപയും, അംഗപരിമിതിയുള്ള പ്രവാസികൾക്കും, ആശ്രിതർക്കും വീൽ ചെയർ/ ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി 10,000/- രൂപയും ധനസഹായം നൽകി വരുന്നു. |
| സി) | തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പ്രവാസി പുനരധിവാസ പദ്ധതിയുടെ വിശദാംശം നൽകുമോ; | സി) | തിരികെയെത്തിയ പ്രവാസികളെ പ്രത്യേകം ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും, 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതിരേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ലഭ്യമാക്കുന്നുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവൽക്കരണ സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ, നോർക്കാ റൂട്ട്സ്, കേരള സർക്കാർ സ്ഥപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം എല്ലാ ജില്ലകളിലും, എല്ലാ മാസവും നൽകി വരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിനായി നിലവിൽ 14 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെച്ച് വായ്പ ലഭ്യത ത്വരിതപ്പെടുത്തിയിട്ടുണ്ട്.<br>ഇവയ്ക്കുപുറമേ ഒറ്റ ദിവസം കൊണ്ട് അപേക്ഷകർക്ക് അനായാസമായി ലോൺ ലഭ്യമാക്കുന്ന ക്യാമ്പ് മോഡൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം ഇതു വരെ 4 ഫീൽഡ് ക്യാമ്പ് നടത്തിയിട്ടുണ്ട്. രണ്ട് ക്യാമ്പുകൾ കൂടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഈ പദ്ധതി കൂടുതൽ വിപുലവും ഊർജിതവുമാക്കി പദ്ധതിയുടെ ഫലം കൂടുതൽ ഗുണഭോക്താക്കൾക്കു ലഭ്യമാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**